**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3210** **25-10-2021 - ൽ മറുപടിയ്ക്ക്**

**സംരക്ഷിതാധ്യാപകർ പുറത്തുനിന്ന കാലയളവ് ക്രമീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 08.06.2018 ലെ സ.ഉ (കൈ) നമ്പർ 82/2018/ പൊ.വി.വ. എന്ന ഉത്തരവിലെ അപ്രായോഗികതകൾ ചൂണ്ടിക്കാട്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്തെങ്കിലും പ്രൊപോസൽ സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 08.06.2018 ലെ പ്രസ്തുത ഉത്തരവിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുന്നത് ഉചിതമായിരിക്കും എന്നാണ് ഡയറക്ടർ അറിയിച്ചത്; | (എ) | ഉണ്ട്. രണ്ട് മാറ്റങ്ങൾ വരുത്തുന്നത് ഉചിതമായിരിക്കും എന്നതാണ് അറിയിച്ചത്. ആയത് ചുവടെ ചേർക്കുന്നു:- 1. തസ്തിക നഷ്ടപ്പെട്ട സംരക്ഷിതാ ധ്യാപകരുടെ പുനർവിന്യസിക്കപ്പെടാത്ത അവരുടെ കാലയളവിൽ 01/06/2016 മുതൽ 04/08/2016 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കാവുന്നതാണ്. 05/08/2016 മുതൽ പുനർവിന്യാസ തീയതി വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയോ ശൂന്യ വേതനാവധിയായോ ക്രമീകരിക്കാവുന്നതാണ്. 2.പുനർവിന്യാസത്തിന്റെ മാനദണ്ഡങ്ങൾ പ്രസിദ്ധീകരിച്ച ഉത്തരവിന്റെ തീയതിയാണ് 05/08/2016. ഏകദേശം 4000 ഓളം പേരെ ഉത്തരവ് തീയതിയിൽ തന്നെ പുനർവിന്യസിക്കുക എന്നത് അസാധ്യമായിരുന്നു. 2 മാസത്തിൽ കൂടുതലെടുത്താണ് അക്കാലത്ത് പുനർവിന്യാസം പൂർത്തിയാക്കിയത്. ആയതിനാൽ 01/06/2016 മുതലുള്ള ഡ്യൂട്ടിയായി പരിഗണിക്കുന്ന കാലയളവ് 04/08/2016 - ൽ പരിമിതപ്പെടുത്താതെ 31-08-2016/ 30-9-2016 വരെ ദീർഘിപ്പിക്കുന്നത് ഉചിതമായ നടപടിയായിരിക്കും. |
| (ബി) | 15.07.2016 മുതൽ 30.09.2016 വരെയുള്ള കാലയളവിൽ സംരക്ഷിത അധ്യാപക, അനധ്യാപകരെ ഉൾക്കൊള്ളിക്കാൻ തസ്തിക ഉണ്ടെന്ന് ഉറപ്പുള്ള പക്ഷം, പ്രസ്തുത തസ്തികകളിൽ ജീവനക്കാർ ഡ്യൂട്ടി നിർവഹിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതും ഡ്യൂട്ടി നിർവഹിച്ച് വിശദീകരിക്കുമോട്ടില്ലാത്ത പക്ഷം അർഹതപ്പെട്ട അവധി അനുവദിച്ചു ക്രമീകരിക്കാവുന്നതാണെന്നും സർക്കാർ 24-05-2021 ലെ കത്തിന്റെ അവസാന ഖണ്ഡികയിൽ നൽകിയ നിർദേശം തികച്ചും | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | അവ്യക്തമായതിനാൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസുകളിൽ അവിശദീകരിക്കുമോത് നടപ്പാക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | 15.07.2016 ന് തസ്തിക നഷ്ടമായ അധ്യാപക, അനധ്യാപകരെ ഉൾക്കൊള്ളാൻ പ്രസ്തുത വിദ്യാലയത്തിൽ 16.07.2016 മുതൽ തസ്തിക ലഭ്യമല്ല എന്നത് വസ്തുതയാണെന്നിരിക്കെ 30.09.2016 വരെയുള്ള കാലയളവിൽ അവരെ ഉൾക്കൊള്ളിക്കാൻ തസ്തിക ഉണ്ടെന്ന് ഉറപ്പുള്ള പക്ഷം, പ്രസ്തുത തസ്തികകളിൽ ജീവനക്കാർ ഡ്യൂട്ടി നിർവഹിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതും ഡ്യൂട്ടി നിർവഹിച്ചിട്ടില്ലാത്ത പക്ഷം അർഹതപ്പെട്ട അവധി അനുവദിച്ച് ക്രമീകരിക്കാവുന്നതാണെന്നും" നിർദേശിച്ചതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്; | (സി) | 05.08.2016 ലെ G.O.(P)No.134/2016/പൊ.വി.വ ഉത്തരവ് പ്രകാരമാണ് സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കുന്നതിനുള്ള ഉത്തരവിറക്കിയത്. അത് പ്രകാരം നിലവിലുണ്ടായിരുന്ന മുഴുവൻ സംരക്ഷിതാധ്യാപകരെയും ഡിപ്ലോയ് ചെയ്യാനാവശ്യമായ മതിയായ തസ്തികകൾ 15.07.2016 മുതൽ തന്നെ ലഭ്യമായിരുന്നു. ഉത്തരവിറക്കുന്നതിനും തുടർന്ന് പുനർവിന്യസിക്കുന്നതിനും ഉണ്ടായ കാലതാമസം മാത്രമാണ് ഈ കാര്യത്തിലുണ്ടായത്. മാതൃസ്കൂളിൽ 16.07.2016 മുതൽ തസ്തിക ലഭ്യമല്ലെങ്കിലും മറ്റുള്ള സ്കൂളുകളിൽ ഡിപ്ലോയ് ചെയ്യാൻ തസ്തിക ലഭ്യമായിരുന്നു എന്ന വസ്തുത പരിഗണിച്ചാണ് ഇപ്രകാരം നിർദ്ദേശിച്ചത്. 15.07.2016 മുതൽ മാതൃസ്കൂളിൽ തസ്തിക നഷ്ടമായെങ്കിലും നിരവധി ടീച്ചർമാർ അവിടെത്തന്നെ ഡിപ്ലോമെന്റ് വരെ തുടർന്നതായി ശ്രദ്ധിച്ചതിനാലാണ് ഇപ്രകാരം നിർദ്ദേശിച്ചത്. 2015-16 ലെ തസ്തികനിർണ്ണയം തന്നെ 2016-17 ലേക്കു ബാധകമാക്കിയിരുന്നതിനാലും, 2016-17 വർഷത്തെ തസ്തികനിർണ്ണയം നടത്തിയപ്പോൾ പ്രസ്തുത വർഷം കഴിഞ്ഞിരുന്നതിനാലും 15.12.2017 ലെ സർക്കുലർ 110/ജെ2/17/ പൊ.വി.വ പ്രകാരം 14.07.2017 വരെ ഇത്തരക്കാർ സർവ്വീസിൽ തുടർന്നത് സാധൂകരിച്ചിട്ടുണ്ട് എന്ന വസ്തുത കൂടി ഈ അവസരത്തിൽ പരിഗണിച്ചിരുന്നു. |
| (ഡി) | 30.09.2016 വരെയുള്ള കാലയളവിൽ അവരെ ഉൾക്കൊള്ളിക്കാൻ തസ്തിക ഉണ്ടെന്നു ഉറപ്പുള്ള പക്ഷം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 15.07.2016 ന് തസ്തിക നഷ്ടമായ അദ്ധ്യാപക, അനദ്ധ്യാപകരെ പുനർവിന്യസിക്കാനുള്ള തസ്തികയുടെ കാര്യമാണെങ്കിൽ അതിലേക്ക് പുനർവിന്യസിക്കാതെ തസ്തിക നഷ്ടമായ സംരക്ഷിതാദ്ധ്യാപകർക്ക് അവിടെ ഡ്യൂട്ടി നിർവഹിക്കാൻ കഴിയില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഈ അവ്യക്തത പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ; | (ഡി) | 05.08.2016 ലെ G.O.(P)No.134/2016/പൊ.വി.വ ഉത്തരവ് പ്രകാരമാണ് സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കുന്നതിനുള്ള ഉത്തരവിറക്കിയത്. അത് പ്രകാരം നിലവിലുണ്ടായിരുന്ന മുഴുവൻ സംരക്ഷിതാധ്യാപകരെയും ഡിപ്ലോയ് ചെയ്യാനാവശ്യമായ മതിയായ തസ്തികകൾ 15.07.2016 മുതൽ തന്നെ ലഭ്യമായിരുന്നു. ഉത്തരവിറക്കുന്നതിനും തുടർന്ന് പുനർവിന്യസിക്കുന്നതിനും ഉണ്ടായ കാലതാമസം മാത്രമാണ് ഈ കാര്യത്തിലുണ്ടായത്. മാതൃസ്കൂളിൽ 16.07.2016 മുതൽ തസ്തിക ലഭ്യമല്ലെങ്കിലും മറ്റുള്ള സ്കൂളുകളിൽ ഡിപ്ലോയ് ചെയ്യാൻ തസ്തിക ലഭ്യമായിരുന്നു എന്ന വസ്തുത പരിഗണിച്ചാണ് ഇപ്രകാരം നിർദ്ദേശിച്ചത്. 15.07.2016 മുതൽ |

| | | | |
|---|---|---|---|
| | | | മാതൃസ്കൂളിൽ തസ്തിക നഷ്ടമായെങ്കിലും നിരവധി ടീച്ചർമാർ അവിടെത്തന്നെ ഡിപ്ലോമെന്റ് വരെ തുടർന്നതായി ശ്രദ്ധിച്ചതിനാലാണ് ഇപ്രകാരം നിർദ്ദേശിച്ചത്. 2015-16 ലെ തസ്തികനിർണ്ണയം തന്നെ 2016-17 ലേക്കു ബാധകമാക്കിയിരുന്നതിനാലും, 2016-17 വർഷത്തെ തസ്തികനിർണ്ണയം നടത്തിയപ്പോൾ പ്രസ്തുത വർഷം കഴിഞ്ഞിരുന്നതിനാലും 15.12.2017 ലെ സർക്കുലർ 110/ജെ2/17/ പൊ.വി.വ പ്രകാരം 14.07.2017 വരെ ഇത്തരക്കാർ സർവ്വീസിൽ തുടർന്നത് സാധൂകരിച്ചിട്ടുണ്ട് എന്ന വസ്തുത കൂടി ഈ അവസരത്തിൽ പരിഗണിച്ചിരുന്നു. |
| (ഇ) | 15.07.2016 ന് തസ്തിക നഷ്ടമായതും സംരക്ഷണത്തിന് അർഹതയുള്ളവരുമായ നാലായിരത്തിലധികം അദ്ധ്യാപക, അനദ്ധ്യാപകരെ മുഴുവൻ പുനർവിന്യസിച്ചത് 2016 നവംബർ മാസത്തോടെയായിരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഉണ്ട്. |
| (എഫ്) | 15.07.2016 ന് തസ്തിക നഷ്ടമായതും സംരക്ഷണത്തിന് അർഹതയുള്ളവരുമായ നാലായിരത്തിലധികം അദ്ധ്യാപക, അനദ്ധ്യാപകരെല്ലാം പുനർവിന്യാസത്തീയതി വരെ അവരുടെ മാതൃവിദ്യാലയത്തിൽ തന്നെ തുടരുകയായിരുന്നു എന്നിരിക്കെ തസ്തിക നഷ്ടമായ തീയതി മുതൽ പുനർവിന്യാസത്തീയതി വരെയുള്ള പ്രസ്തുത കാലയളവ് ക്രമീകരിക്കാത്തതിനാൽ കഴിഞ്ഞ 5 വർഷക്കാലമായി ഇവർക്ക് ലഭിക്കേണ്ട വാർഷിക ഇൻക്രിമെന്റുകളും സമയ ബന്ധിത ഹയർ ഗ്രേഡുകളും തടയപ്പെട്ടിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ഉണ്ട്. |
| (ജി) | 15.07.2016 ന് തസ്തിക നഷ്ടമായ സംരക്ഷിത അധ്യാപക, അനധ്യാപകരുടെ 15.07.2016 മുതൽ പുനർവിന്യാസത്തീയതി വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിനുള്ള സമഗ്രമായ ഉത്തരവ് ഇപ്പോഴത്തെ നിയമസഭാ സമ്മേളന കാലയളവിനുള്ളിൽ തന്നെ പുറപ്പെടുവിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ജി) | മുൻ പിരിവുകളിൽ വ്യക്തമാക്കപ്പെട്ട സാഹചര്യം നിലവിലുള്ളതിനാൽ ഇക്കാര്യം തല്ക്കാലം പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ